**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **28.10.2019-ൽ മറുപടിക്ക്**

**നമ്പർ.21**

# വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനം

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ.ജെ. മാക്സി** **പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പി.എസ്.സി മുഖേന വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,16,719 (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുനൂറ്റി പത്തൊൻപത്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ നാളിതുവരെ ആശ്രിത നിയമനം, മറ്റ് പ്രത്യേക വ്യവസ്ഥകൾ എന്നിവ പ്രകാരം എത്രപേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. ക്ക് നൽകിയശേഷം സ്പെഷ്യൽ റൂൾസ് നിർമ്മിക്കാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ അത്തരം പൊതുമേഖലാ സ്ഥാപനങ്ങളിൽ അടിയന്തരമായി സ്പെഷ്യൽ റൂൾസ് നിർമ്മിച്ച് ആയതിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്നതിന് | (ഇ) | നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട കേരള സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുന്നതിന് നിയമന ചട്ടങ്ങൾ (സ്പെഷ്യൽ |

| | | | |
|---|---|---|---|
| | ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | റൂൾസ്) അടിയന്തരമായി രൂപീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് 08/08/2018 ൽ. ഉപ.സി.1/ 208/17/ ഉഭപവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 20.08.2019 ലെ ഉപ.സി.1/112/19/ഉഭപവ നമ്പർ സർക്കുലർ പ്രകാരം ഈ വിഷയത്തിൽ വീണ്ടും എല്ലാ ഭരണ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ